# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3818 20/07/2015-ലെ മറുപടിക്ക്

### അമ്പലപ്പുഴ ഹയർസെക്കന്ററി സ്കൂളുകളിലെ അധ്യാപക നിയമനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ മന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ പുതുതായി പ്ലസ്ടു ക്ലാസ്സുകൾ ആരംഭിച്ചു ; ഓരോ സ്കൂളുകളിലും ഏതൊക്കെ കോഴ്സുകൾക്കാണ് അനുമതി നൽകിയത് ;

(എ)

| സ്കൂളിന്റെ പേര് | കോഴ്സ് കോഡ് നം. | ബാച്ചുകളുടെ എണ്ണം |
|---|---|---|
| ഗവ.എച്ച്.എസ്, കക്കാഴം | 01 | 1 |
| | 39 | 1 |
| ഗവ.എച്ച്.എസ്, പറവൂർ | 01 | 1 |
| | 39 | 1 |

(ബി) ഓരോ പ്ലസ്ടു സ്കൂളിലും അനുവദിച്ച സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ; ഓരോ സ്കൂളിലും നിലവിൽ എത്ര അധ്യാപകരെയും അനധ്യാപകരെയും നിയമിച്ചിട്ടുണ്ട്

(ബി) തസ്തിക നിർണ്ണയത്തിനുശേഷമേ സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. പുതുതായി അനുവദിച്ച സ്കൂളുകളിലെ തസ്തിക നിർണ്ണയം ഇതുവരെയും പൂർത്തിയായിട്ടില്ല.

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം ഹയർ സെക്കന്ററി സ്കൂളുകളിൽ അഡീഷണൽ കോഴ്സുകളും ബാച്ചുകളും ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി)

| സ്കൂളിന്റെ പേര് | കോഴ്സ് കോഡ് നം. | ബാച്ചുകളുടെ എണ്ണം |
|---|---|---|
| അറവുകാട് എച്ച് .എസ്.എസ് പുന്നപ്ര | 42 | 1 |
| എസ്.എൻ.എം. എച്ച്. എസ്, എസ് പുറക്കാട് | 05 | 1 |

(ഡി) 2015-16 അധ്യയനവർഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളികളിൽ സ്ഥിരം അധ്യാപകരില്ലാത്ത തസ്തികകളിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഉണ്ട്. 2013-14 അധ്യയന വർഷം ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ച എല്ലാ സ്കൂളുകളിലും ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപരെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കാവുന്നതാണ്.

(ഇ) നിശ്ചിത യോഗ്യതയുള്ള താൽക്കാലിക അധ്യാപകരെ കണ്ടെത്തി നിയമിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ